**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3752** **09-10-2025 - ൽ മറുപടിയ്ക്ക്**

**കോ-ഓപ്പറേറ്റീവ് കോളേജുകൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമാന്തര വിദ്യാഭ്യാസം നടത്തുന്ന എത്ര സഹകരണ കോളേജുകളുണ്ട്; ഇത്തരം കോ-ഓപ്പറേറ്റീവ് കോളേജുകൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | സമാന്തര വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങൾക്ക് സർവകലാശാലാ അഫിലിയേഷൻ ഇല്ല. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളുടെ കണക്കും സർവകലാശാലാ തലത്തിൽ ലഭ്യമല്ല.<br><br>സമാന്തര വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നില്ല. |
| (ബി) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ കോ-ഓപ്പറേറ്റീവ് കോളേജുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | കോ-ഓപ്പറേറ്റീവ് കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്തെ വിദൂരവിദ്യാഭ്യാസ രീതി മെച്ചപ്പെടുത്തുന്നതിന് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൂടി സഹകരിപ്പിച്ചുകൊണ്ടും ഉൾക്കൊണ്ടുകൊണ്ടും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നതിന് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ